**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 21** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഗവ. സെക്രട്ടേറിയറ്റിൽ നിർത്തലാക്കിയതും പുതുതായി സൃഷ്ടിച്ചതുമായ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഗവ. സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പകളിലെ ഓരോ കാറ്റഗറിയിലും എത്ര തസ്തികകൾ വീതം നിർത്തലാക്കി; ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ; | (എ) | **പൊതുഭരണ വകുപ്പ്**<br><br>ഓഫീസ് അറ്റൻഡന്റമാരുടെ ജോലിഭാരം ഗണ്യമായി കുറഞ്ഞതായ വർക്ക് സ്റ്റഡി റിപ്പോർട്ടിലെ ശിപാർശയുടെ വിവിധ വകുപ്പകളിൽ ആവശ്യം വരുന്ന മുറയ്ക്ക് പുതിയ തസ്തികകയോ മറ്റ് തസ്തികകളോ പകരം സൃഷ്ടിക്കുമെന്ന വ്യവസ്ഥയോടെ പൊതുഭരണ സെക്രട്ടറിയേറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിൽ ഒഴിഞ്ഞു കിടക്കുന്ന 220 തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്. ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചപ്പോൾ സൃഷ്ടിച്ച ഒരു അഡീഷണൽ സെക്രട്ടറി തസ്തികയും 2 അണ്ടർ സെക്രട്ടറി തസ്തികകളും കമ്മീഷൻ പ്രവർത്തനം അവസാനിപ്പിച്ചപ്പോൾ നിർത്തലാക്കി. മുൻ സർക്കാരിന്റെ കാലത്ത് ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ സൂപ്പർവൈസർ, ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ ഓപ്പറേറ്റർ എന്നീ തസ്തികകൾ (ആകെ നാല് തസ്തിക) നിലവിലെ ജീവനക്കാർ വിരമിക്കുന്ന/ഒഴിയുന്ന മുറയ്ക്ക് തസ്തിക ഇല്ലാതാകുന്ന വിധത്തിൽ ക്രമീകരിച്ചു ഉത്തരവായിട്ടുണ്ട്.<br><br>**ധനകാര്യ വകുപ്പ്**<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ധനകാര്യവകുപ്പിൽ 4 ഓഫീസ് അറ്റൻഡന്റ് തസ്തികകളെ 2 അറ്റൻഡർ തസ്തികകളായി പരിവർത്തനം ചെയ്തിട്ടുണ്ട്.<br><br>**നിയമ വകുപ്പ്**<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നിയമവകുപ്പിൽ ദഫേദാർ -1, ഓഫീസ് അറ്റന്റന്റ് ഗ്രേഡ് II-1, റോണിയോ ഓപ്പറേറ്റർ - 1 എന്നീ തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഗവ. സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ പുതുതായി ഓരോ കാറ്റഗറിയിലും എത്ര തസ്തികകൾ വീതം സൃഷ്ടിച്ചു; ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | <u>**പൊതുഭരണ വകുപ്പ്**</u><br><br>മുൻ സർക്കാരിന്റെ കാലത്ത് ഭരണ പരിഷ്കാര കമ്മീഷനിൽ അഡീഷണൽ സെക്രട്ടറിയുടെ ഒരു തസ്തികയും അണ്ടർ സെക്രട്ടറിയുടെ രണ്ട് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിലും ജോയിന്റ് സെക്രട്ടറിയുടെ ഓരോ തസ്തിക വീതം സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്) ന്റെ രണ്ട് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>മുൻ സർക്കാരിന്റെ കാലത്ത് പൊതുഭരണ വകുപ്പിൽ മൂന്നു സെക്ഷൻ ഓഫീസർ തസ്തികയും ആറു അസിസ്റ്റന്റ് തസ്തികയും ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.<br><br><u>**ധനകാര്യ വകുപ്പ്**</u><br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ധനകാര്യ വകുപ്പിൽ ഓഫീസ് സൂപ്രണ്ടിന്റെ ഒരു തസ്തിക പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഇതു കൂടാതെ ധനകാര്യ (റിക്കോർഡ്സ്) വകുപ്പിലും, 15-ാം ധനകാര്യ കമ്മീഷൻ സെല്ലിന്റെ പ്രവർത്തനങ്ങൾക്കും, 6-ാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ പ്രവർത്തനങ്ങൾക്കും, അനോമലി റെക്ടിഫിക്കേഷൻ സെല്ലിന്റെ പ്രവർത്തനങ്ങൾക്കും ചുവടെ പറയുന്ന <u>താല്ക്കാലിക തസ്തികകൾ</u> സൃഷ്ടിച്ചിട്ടുണ്ട്.<br><br>അഡീഷണൽ സെക്രട്ടറി - 2<br><br>ജോയിന്റ് സെക്രട്ടറി - 3<br><br>ഡെപ്യൂട്ടി സെക്രട്ടറി - 1<br><br>അണ്ടർ സെക്രട്ടറി - 1<br><br>അക്കൗണ്ട്സ് ഓഫീസർ - 3<br><br>സെക്ഷൻ ഓഫീസർ - 4<br><br>അസിസ്റ്റന്റ് - 20<br><br>കമ്പ്യൂട്ടർ അസിസ്റ്റന്റ് - 4<br><br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 3<br><br>ഓഫീസ് അറ്റൻഡന്റ് - 4<br><br>പാർട്ട് ടൈം സ്വീപ്പർ - 1 |

| | | | |
|---|---|---|---|
| | | | **നിയമവകുപ്പ്**<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നിയമവകുപ്പിന് കീഴിൽ പുതിയ തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല. |
| (സി) | ഗവ. സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ ഓരോ കാറ്റഗറിയിലും എത്ര ഒഴിവുകൾ വീതം നിലവിലുണ്ട്; വിശദവിവരം ലഭ്യമാക്കുമോ? | (സി) | **പൊതുഭരണ വകുപ്പ്**<br><br>20.8.2022 തീയതി അടിസ്ഥാനമാക്കി പൊതുഭരണ സെക്രട്ടേറിയറ്റിൽ കേഡർ തസ്തികയിൽ ചുവടെ ചേർക്കും പ്രകാരം ഒഴിവുകളുണ്ട്.<br><br>അണ്ടർ സെക്രട്ടറി - 2 (വയനാട് മെഡിക്കൽ കോളേജ്, കേരള ഹൗസ്)<br><br>ഡെപ്യൂട്ടി സെക്രട്ടറി - 1 (ഇലക്ഷൻ വകുപ്പ്)<br><br>ജോയിന്റ് സെക്രട്ടറി - 1 (വ്യവസായ വകുപ്പ്)<br><br>അഡീഷണൽ സെക്രട്ടറി - 1 (ഇലക്ഷൻ വകുപ്പ്)<br><br>പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ 21 ഒഴിവുകളും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 114 ഒഴിവുകളും നിലവിലുണ്ട്. കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ 12 ഒഴിവുകളിൽ 10 ഒഴിവുകളിലേയ്ക്ക് പി എസ് സി നിയമന ശുപാർശ നൽകിയിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 13 ഒഴിവുകളും പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്യൂരിറ്റി ഗാർഡിന്റെയും മെസ്സഞ്ചറുടെയും സ്റ്റോർ അറ്റൻഡന്റിന്റെയും ഓരോ തസ്തികയും സെക്രട്ടേറിയറ്റ് ട്രാഫിക് വാർഡന്റെ 2 തസ്തികകളും ലിഫ്റ്റ് ഓപ്പറേറ്ററുടെ 3 തസ്തികകളും ഒഴിവുണ്ട്.<br><br>**ധനകാര്യ വകുപ്പ്**<br><br>ധനകാര്യ വകുപ്പിൽ ചുവടെ പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.<br><br>അസിസ്റ്റന്റ് - 10<br><br>കമ്പ്യൂട്ടർ അസിസ്റ്റന്റ് - 2<br><br>ഓഫീസ് അറ്റൻഡന്റ് - 40<br><br>(താല്ക്കാലിക തസ്തികകൾ ഉൾപ്പെടെ)<br><br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 6<br><br>**നിയമവകുപ്പ്**<br><br>നിയമവകുപ്പിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | സെക്ഷൻ ഓഫീസർ - 1<br><br>ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II – 5<br><br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 3<br><br>ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II – 22<br><br>ഡ്രൈവർ ഗ്രേഡ് II -1 |

സെക്ഷൻ ഓഫീസർ